**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-18 പഞ്ചായത്തിരാജ് ദിനാഘോഷം - മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആദരിക്കൽ - എക്സിബിഷൻ നടത്തുന്ന ത്രിതല പഞ്ചായത്തുകൾക്ക് തനത് ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1302/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 10/05/2018

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 13/4/2018 ലെ ജി2-11902/18 നമ്പർ കത്ത്.

**ഉത്തരവ്**

2017-18 വർഷത്തിലെ മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പഞ്ചായത്തിരാജിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ചടങ്ങിനോടനുബന്ധിച്ച് ആദരിക്കുവാൻ തീരിമാനിച്ചിട്ടുണ്ടെന്നും ടി ആഘോഷത്തോടനുബന്ധിച്ച് നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള എക്സിബിഷനിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ പരമാവധി 40,000/- രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 വർഷത്തിലെ മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആദരിക്കുന്ന ചടങ്ങിനോടനുബന്ധിച്ച് നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള എക്സിബിഷനിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ പരമാവധി 40,000/- (നാൽപതിനായിരം രൂപ) രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ